## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3111** **19/06/2018-ൽ മറുപടിയ്ക്ക്**

## പ്ലാന്റേഷൻ കോർപ്പറേഷൻ മലബാർ മേഖല ഓഫീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എൻ .എ. നെല്ലിക്കുന്ന്** | | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) | പ്ലാന്റേഷൻ കോർപ്പറേഷന്റെ മലബാർ മേഖല ഓഫീസ് ഇപ്പോൾ എവിടെയാണ് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മലബാർ മേഖലയിലുള്ള കാഷ്യൂ പ്ലാന്റേഷനുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നത് കാസർഗോഡ് ജില്ലയിലെ ചീമേനി എസ്റ്റേറ്റിലാണ്. ജനറൽ മാനേജർ (കാഷ്യൂ പ്ലാന്റേഷൻ) സസ്പെൻഷനിലായതിനെ തുടർന്ന് എല്ലാ കാഷ്യൂ എസ്റ്റേറ്റ് മാനേജർമാരും മാനേജിംഗ് ഡയറക്ടർക്ക് നേരിട്ടാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നത്. |
| (ബി) | ഏതെല്ലാം എസ്റ്റേറ്റുകളുൾപ്പെടുന്നതാണ് മലബാർ മേഖലയെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ്, രാജപുരം, ചീമേനി, മണ്ണാർക്കാട് എന്നീ എസ്റ്റേറ്റുകളാണ് നിലവിൽ മലബാർ മേഖലയിൽ ഉള്ളത്. |
| (സി) | ഈ എസ്റ്റേറ്റുകൾക്ക് സൗകര്യപ്രദമാണോ ഇപ്പോൾ പ്രവർത്തിക്കുന്ന മലബാർ മേഖല ഓഫീസ് എന്ന് വ്യക്തമാക്കാമോ; | (സി) | കൂടുതൽ കാഷ്യൂ എസ്റ്റേറ്റുകളും കാസർഗോഡ് ജില്ലയിൽ ആകയാൽ ചീമേനി എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നതാണ് സൗകര്യം. |
| (ഡി) | കോട്ടയം ഹെഡ് ഓഫീസിലേക്കു പോകാനുള്ള ദൂരവും സമയനഷ്ടവും ഒഴിവാക്കാൻ മലബാർ മേഖലയിലെ ഓഫീസ് ഗുണകരമാണെന്ന് അഭിപ്രായമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഇ-മെയിൽ, ടെലിഫോൺ എന്നീ സൗകര്യങ്ങളുള്ളതിനാൽ മലബാറിലുള്ള പ്ലാന്റേഷനുകളുടെ കാര്യങ്ങൾക്കായി കൂടെകൂടെ ഹെഡ്ഓഫീസിൽ വരേണ്ടുന്ന ആവശ്യം കാണുന്നില്ല. വളരെ പ്രധാനമായ മീറ്റിംങ്ങുകൾക്കു മാത്രമെ മലബാർമേഖലാ ഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ ഹെഡ്ഓഫീസിൽ വരേണ്ടതുള്ളൂ. |

(contd......)

| | | | |
|---|---|---|---|
| (ഇ) | പ്ലാന്റേഷൻ കോർപ്പറേഷൻ മലബാർ മേഖല ഓഫീസ് ജില്ലയിൽ നിന്ന് മാറ്റി കോട്ടയം ഹെഡ് ഓഫീസിൽ ലയിപ്പിക്കാനുള്ള നീക്കമുണ്ടോ എന്നും എങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (ഇ) | നിലവിൽ അങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (എഫ്) | കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റ് ഓഫീസിൽ നിന്ന് ഫയലുകളും മേഖല ഓഫീസിലെ ജീവനക്കാരെയും കോട്ടയത്തേയ്ക്ക് മാറ്റി എന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | കാഷ്യൂ ഡിവിഷൻ ഓഫീസിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു എസ്റ്റേറ്റിൽ നിന്നും ഫയലുകളോ ജീവനക്കാരെയോ കോട്ടയത്തേയ്ക്ക് മാറ്റിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**